## പതിനഞ്ചാം കേരള നിയമസഭ

## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

# (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**
**(2025-26)**

**FIFTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2025-26)**

**2025 മാർച്ച് 3 -ാം തീയതി സമർപ്പിച്ചത്**
**(Presented on 3rd March 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

( FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**അഞ്ചാമത് റിപ്പോർട്ട് (2025-26)**

**FIFTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2025-26)**

296/2025.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (2023-2026)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2025-2026 സാമ്പത്തികവർഷത്തെ ബജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 18, 21 എന്നീ തീയതികളിലെ യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ട് ചെയ്തത് - 1222,58,15,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

**തൊഴിലും നൈപുണ്യവും വകുപ്പ്**

2230-01-001-99 —നടത്തിപ്പ്

വിഹിതം : 8,99,88,000 രൂപ (പദ്ധതിയേതരം)

1. ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 75000 രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-001-98—ജില്ലാ ആഫീസുകൾ

വിഹിതം :30,90,28,000 രൂപ (പദ്ധതിയേതരം)

2. മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വിവര സാങ്കേതികവിദ്യ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-98-99 —പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്- വിവരസാങ്കേതിക വിദ്യ

വിഹിതം : 6,000 രൂപ (പദ്ധതിയേതരം)

3. ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് -സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

4. കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, 65.515 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-72-10—കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം-സംഭാവന

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

5. കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യകുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി 283 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-60—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

6. അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-35-10—കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി-സംഭാവന

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

7. കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതിയുടെ നടത്തിപ്പിന് 4.9663514 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-92—മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 60,00,000 രൂപ (പദ്ധതി)

8. മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 1.52 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-91—നഗര പ്രദേശത്തെ ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്

വിഹിതം : 50,00,000 രൂപ (പദ്ധതി)

9. സ്ത്രീ തൊഴിലാളികൾക്ക് വാടക ഈടാക്കി സുരക്ഷിതമായ താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തിൽ വിഭാവനം ചെയ്തിട്ടുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയനുസരിച്ച് കഴക്കൂട്ടം, മേനംകുളത്തുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ നിർമ്മാണം ആരംഭിച്ച അപ്പാർട്ട്മെന്റിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനായി 9.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-89—അതിഥി തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതി

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

10. അതിഥി തൊഴിലാളികളെ വാടക ഈടാക്കി പാർപ്പിക്കുന്നതിനായി അപ്നാഘർ പദ്ധതിയനുസരിച്ച് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പ്രവർത്തിച്ച് വരുന്ന ഹോസ്റ്റൽ കെട്ടിടം കൂടുതൽ തൊഴിലാളികളെ താമസിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ വിപുലീകരിക്കുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-87—മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ട്രാൻസിറ്റ് സ്റ്റേ സൗകര്യം

വിഹിതം : 20,00,000 രൂപ (പദ്ധതി)

11. മോട്ടോർ തൊഴിലാളികൾ, വർക്കേഴ്സ് എന്നിവർക്ക് ജോലിക്കിടയിൽ വിശ്രമിക്കാൻ ഒരിടം എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മോട്ടോർ ട്രാൻസിറ്റ് സ്റ്റേ ഫെസിലിറ്റി പദ്ധതിക്കായി 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക പരിശീലന വകുപ്പ്

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 12,22,33,000 രൂപ (പദ്ധതിയേതരം)

12. ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4.25 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 64.5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.19 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 49000 രൂപയും ഉൾപ്പെടെ ആകെ 79.43 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-98 —സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 27,17,000 രൂപ (പദ്ധതിയേതരം)

13. സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വെള്ളക്കരത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളക്കരം [05(1)] ഇനത്തിൽ 16000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-89—വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്

വിഹിതം : 1,01,35,000 രൂപ (പദ്ധതിയേതരം)

14. വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-003-98 - തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 34,12,000 രൂപ (പദ്ധതിയേതരം)

15. തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99 - വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 213,49,67,000 രൂപ (പദ്ധതിയേതരം)

16. തൊണ്ണൂറ്റിനാല് ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.4 കോടി രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 3 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 10 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും

വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.65 കോടി രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.689 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96—വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

വിഹിതം : 30,40,97,000 രൂപ (പദ്ധതിയേതരം)

17. പതിനാല് വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4.85 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4.68 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-80—പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

18. പുതിയതായി അനുവദിച്ച 4 ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ ടൂൾസ്, യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 1,08,21,000 രൂപ (പദ്ധതിയേതരം)

19. വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ

റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 53,000 രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.96 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-48—നൈപുണ്യ കേരളം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

20. സംസ്ഥാനത്തെ നൈപുണ്യ പോഷണ രംഗത്ത് ക്രിയാത്മകമായി ഇടപെട്ട് യുവജനങ്ങൾക്കിടയിലെ തൊഴിൽക്ഷമത സമയബന്ധിതമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന നൈപുണ്യ കേരളം പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 6,19,96,000 രൂപ (പദ്ധതിയേതരം)

21. വകുപ്പിന് കീഴിലുള്ള 9 ആർ.ഐ. സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐ.ടി.ഐ.-കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെന്റ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-190-95—ഇക്വിറ്റി സംഭാവന -KASE

വിഹിതം : 18,00,00,000 രൂപ (പദ്ധതി)

22. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രം, നാഷണൽ റിസോഴ്സ് സെന്റർ, സെന്റേഴ്സ് ഓഫ് എക്സലൻസ് എന്നിവ സ്ഥാപിക്കുന്നതിനും KASE ആസ്ഥാന കേന്ദ്രത്തിൽ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് സ്ഥാപിക്കുന്നതിനും വിവരസാങ്കേതിക വിദ്യാ സംവിധാനം നവീകരിക്കുന്നതിനും കെ.എസ്.ഐ.ഡി.-യ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 27.8855 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-203-99—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.-ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

23. ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.-കളുടെ കെട്ടിട നവീകരണത്തിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-203-95 - പുതിയ ഐ.ടി.ഐ.-കൾ സജ്ജീകരിക്കുന്നു

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

24. തിരുവനന്തപുരം ജില്ലയിലെ ചാല, തൃശ്ശൂർ ജില്ലയിലെ പീച്ചി, പാലക്കാട് ജില്ലയിലെ നാഗലശ്ശേരി, മലപ്പുറം ജില്ലയിലെ എടപ്പാൾ എന്നിവിടങ്ങളിൽ പുതിയതായി അനുവദിച്ച ഐ.ടി.ഐ.-കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 29 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ്

2230-01-102-99—ഫാക്ടറികളുടെയും ബോയ് ലറുകളുടെയും ഡയറക്ടറേറ്റ്

വിഹിതം : 19,53,58,000 രൂപ (പദ്ധതിയേതരം)

25. ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ, ആർ. & എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-95—ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ്-തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം : 1,54,90,000 രൂപ (പദ്ധതിയേതരം)

26. ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ, ആർ.&എം., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

വിഹിതം : 50,00,000 രൂപ (പദ്ധതി)

27. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനും സബ് ഓഫീസുകളിലെ കെ-ഫോൺ, കെ-സ്വാൻ കണക്ഷൻ പേയ്മെന്റിനും എംപ്ലോയ്മെന്റ് വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റ് നവീകരണത്തിനും ഇ-എംപ്ലോയ്മെന്റ് അപ്ഡേഷൻ നടത്തുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-93—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

28. കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനും കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിലേക്ക് വായ്പാതിരിച്ചടവിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ (കൈവല്യ) രജിസ്റ്റർ ചെയ്തവരുടെ സബ്സിഡി - പുനരധിവാസവും ക്ഷേമവും (33) ഇനത്തിൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-91-33—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി സബ്സിഡികൾ

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

29. ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനായി 4.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കൽ

വിഹിതം : 5,50,00,000 രൂപ (പദ്ധതി)

30. കരമന, പയ്യന്നൂർ, പേരാമ്പ്ര എന്നിവിടങ്ങളിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും സോഫ്റ്റ് വെയർ നിർമ്മാണത്തിനും എംപ്ലോയബിലിറ്റി സെന്ററുകളിലെയും കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾക്കുമായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.0273 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-87—നവജീവൻ

വിഹിതം : 80,00,000 രൂപ (പദ്ധതി)

31. നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്ക് അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയ്ക്കുള്ള സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-97—കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

32. കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വയംതൊഴിൽ വായ്പ നൽകുന്നതിനും കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-96—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

33. ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനായി 4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

2230-03-188-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം

വിഹിതം : 31,62,000 രൂപ (പദ്ധതിയേതരം)

34. കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സഹായധനം-ശമ്പളം (31) ഇനത്തിൽ 27.03 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സഹായധനം-ശമ്പളേതരം (36) ഇനത്തിൽ 7.9 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 34.93 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഒഡെപെക്

2230-01-103-10—ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി) ലിമിറ്റഡിന്റെ ശക്തിപ്പെടുത്തൽ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

35. ഒഡെപെക്കിന്റെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

2230-01-101-96-06—വ്യാവസായിക ട്രിബ്യൂണൽ,ആലപ്പുഴ- വാടക,കരം,നികുതി

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

36. വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-92-04-1—തൊഴിൽ കോടതി, കോഴിക്കോട്-യാത്രാചെലവുകൾ-യാത്രാബത്ത

വിഹിതം : 27,000 രൂപ (പദ്ധതിയേതരം)

37. തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ പ്രിസൈഡിംഗ് ഓഫീസർക്ക് പാലക്കാട് ക്യാംപ് സിറ്റിംഗ് നടത്തുന്ന ആവശ്യത്തിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,19,99,000 രൂപ (പദ്ധതിയേതരം)

38. എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04 (1)] ഇനത്തിൽ 1.97 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 1,09,65,000 രൂപ (പദ്ധതിയേതരം)

39. വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 16000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.62 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.78 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-85-99—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്-വിവരസാങ്കേതികവിദ്യ
വിഹിതം : 26,000 രൂപ (പദ്ധതിയേതരം)

40. വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനായി 1.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-79—വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വിഹിതം : 1,27,63,000 രൂപ (പദ്ധതിയേതരം)

41. വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂരിന്റെ നടത്തിപ്പിനായി ദിവസ വേതനം [02(5)] ഇനത്തിൽ 1.567 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 30000 രൂപയും ഉൾപ്പെടെ ആകെ 1.867 ലക്ഷം രൂപ ഈ ശീർഷകത്തിൽ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 26639,16,12,000 രൂപ

ചാർജ്ജ് ചെയ്തത് : 30,00,000 രൂപ

4202-02-105-85—ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

42. ചാല ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന്റെ തുക നൽകുന്നതിനും ട്രെയിനിംഗ് ഡയറക്ടേറ്റിന്റെ ആസ്ഥാന മന്ദിരം ചാല ഐ.ടി.ഐ. കോമ്പൗണ്ടിൽ നിർമ്മിക്കുന്നതിനും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ. കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ. കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 10431,68,01,000 രൂപ

ചാർജ്ജ് ചെയ്തത് : 4,59,000 രൂപ

### ഇൻഷ്വറൻസ് മെഡിക്കൽ വിഭാഗം

2210-01-102-98—ഡിസ്പെൻസറികൾ

വിഹിതം : 224,36,61,000 രൂപ (പദ്ധതിയേതരം)

43. ഡിസ്പെൻസറികളിൽ മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 20 ലക്ഷം രൂപയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി

വിവരസാങ്കേതികവിദ്യ(99) ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം: 120,85,32,000 രൂപ (പദ്ധതിയേതരം)

44. ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 23 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 20 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [08] ഇനത്തിൽ 37.25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 29.5725 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-95-34—ഇ.എസ്.ഐ. ആശുപത്രികളുടെ മെച്ചപ്പെടുത്തലും നിലവാരം ഉയർത്തലും -മറ്റ് ചെലവുകൾ

വിഹിതം: 25,29,000 രൂപ (പദ്ധതി)

45. 2025-26 വാർഷിക പദ്ധതിയിൽ മരുന്ന് വിതരണത്തിന് വാഹനങ്ങൾ വാങ്ങുന്നതിനായി 86.31 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത് : 121,44,30,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

2801-80-101-85 —ട്രാൻസ്ഗ്രിഡ് 2.0

വിഹിതം : ഇല്ല

46. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ കീഴിൽ പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി.എൽ.-ന് ചെലവായ തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതിന് 158 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-95—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 2,06,80,000 രൂപ (പദ്ധതിയേതരം)

47. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 2022-23-ൽ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ട കുടിശ്ശിക തുകയായ 60 കോടി രൂപയും 12-3-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സർക്കാരിൽ നിന്നും പത്ത് വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ട തുകയിൽ ആദ്യ ഗഡുവിന്റെ കുടിശ്ശികയായ 204.732 കോടി രൂപയും ഉൾപ്പെടെ ആകെ 264.732 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-94—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

വിഹിതം : 41,22,00,000 രൂപ (പദ്ധതി)

48. ജലവൈദ്യുത പദ്ധതികളുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, നവീകരണ നിധി, എസ്ക്രോട്ട് എന്നിവയ്ക്കായി സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാനുള്ള 60.3247 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-91—തൃശ്ശൂർ മുതൽ പുഗലൂർ വരെയുള്ള 320 കെ.വി., എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല

49. തൃശ്ശൂർ-പുഗലൂർ 320 കെ.വി., എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജിനായി 2025-26-ലെ ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 1.56 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6801-00-190-86—ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ)

വിഹിതം :5,40,00,000 രൂപ (പദ്ധതി)

50. ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.എൽ. ചെലവാക്കിയ തുക സർക്കാരിൽ നിന്നും ലഭിക്കാനുള്ളതിനാൽ 12.6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**

51. 2 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 6801-00-190-85 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 3.34 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. 2 മെഗാവാട്ട് ശേഷിയുള്ള പോത്തൻകോട് ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-83 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.11 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. 1.20 മെഗാവാട്ട് ശേഷിയുള്ള പേഴക്കാപ്പള്ളി ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-82 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 7.02 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. 0.65 മെഗാവാട്ട് ശേഷിയുള്ള തലകുളത്തൂർ ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-81 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 82 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

55. വൈദ്യുതി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള ധനസഹായത്തിനായി 2801-80-101-99 (നോൺ പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച്, പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25, 2025-26-ലുമായി ലഭിക്കേണ്ട തുകയായ 1536.48 കോടി രൂപയും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25, 2025-26-ലുമായി ലഭിക്കേണ്ട തുകയായ 1.6 കോടി രൂപയും ഉൾപ്പെടെ ആകെ 1538.08 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ആർ.ജി.ജി.വി.വൈ.-പദ്ധതിയുടെ സംസ്ഥാനവിഹിതത്തിനായി 2801-80-101-90 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.44 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പദ്ധതിയുടെ സംസ്ഥാനവിഹിതത്തിനായി 2801-80-101-87 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 48.3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. സംയോജിത ഊർജ്ജ വികസന പദ്ധതിയുടെ (ഐ.പി.ഡി.എസ്.) സംസ്ഥാന വിഹിതത്തിനായി 2801-80-101-86 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 59.21 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജിനായി 2801-80-101-83 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിക്കായി 4801-80-101-99 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 41.6319 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

61. 7.5 MW/ 25.8 MU ശേഷിയുള്ള പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്കായി 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. 6 MW/ 14.84 MU ശേഷിയുള്ള മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. മറ്റ് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി (ലാഡ്രം [3.5 MW ], മാർമ്മല [ 7 MW ] ) 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 12 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. റീ-പവറിംഗ് ഓഫ് കഞ്ചിക്കോട് വിൻഡ് ഫാം (5 MW) പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് 52 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. ഗ്രീൻ എനർജി കോറിഡോർ പദ്ധതിയ്ക്കായി പ്രോജക്ട് എക്സിക്യൂട്ടിംഗ് ഏജൻസിയായ കെ.എസ്.ഇ.ബി.എൽ. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക കെ.എഫ്.ഡബ്ല്യൂ. ലോൺ ആയി സംസ്ഥാന സർക്കാർ മുഖേന കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ടതിൽ ബാക്കിയുള്ള തുകയായ 37.56367 കോടി രൂപയും 2025-26 -ലേക്ക് ആവശ്യമായ 200 കോടി രൂപയും ഉൾപ്പെടെ ആകെ 237.56367 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. വൈദ്യുതി വിതരണ രംഗം കൂടുതൽ ആധുനികീകരിച്ച് ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും വാണിജ്യ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ ദ്യുതി 2.0 പദ്ധതിയ്ക്കായി 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 430 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരത പരിഗണിച്ചും ഗ്രിഡ് സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി എനർജി സ്റ്റോറേജ് പദ്ധതികൾ സ്ഥാപിക്കുന്നതിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. തുടങ്ങുവാനുദ്ദേശിക്കുന്ന 14 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്കായി 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് ആദ്യ ഗഡുവായി 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. പുനരുപയോഗ ഊർജ്ജ ഉത്പാദനത്തിന് സംസ്ഥാനം കൂടുതൽ പരിഗണന നൽകുന്നതിനാൽ പകൽ സമയം ആവശ്യത്തിലധികം വൈദ്യുതി ഉത്പാദനം നടത്തുന്ന സൗരോർജ്ജ പദ്ധതികളിൽ നിന്നുള്ള അധിക വൈദ്യുതി കൂടുതൽ ഉപഭോഗമുള്ള രാത്രികാലത്തേക്ക് സംഭരിക്കാൻ കഴിയുന്ന 2000 MW/5000 MW ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാനുദ്ദേശിക്കുന്നതിനാൽ, പദ്ധതിയുടെ ആദ്യ ഘട്ടമായി 250 MW/500 MWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് ആദ്യ ഗഡുവായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. 31-12-2024 വരെ വിവിധ സർക്കാർ വകുപ്പുകൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ നൽകാനുള്ള കുടിശ്ശികത്തുകയായ 718 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

4810-00-800-99—മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയുടെ നവീകരണ പദ്ധതി മരാമത്ത് പണികൾ

വിഹിതം : 6,71,00,000 രൂപ (പദ്ധതി)

70. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ സിവിൽ വർക്ക് പൂർത്തീകരിച്ച് ലിഫ്റ്റ് പ്രവർത്തനസജ്ജമാക്കുന്നതിനും കേരള സ്റ്റേറ്റ് ലൈസൻസിംഗ് ബോർഡ് സെക്രട്ടറിക്ക് പുതിയ ഔദ്യോഗിക വാഹനം (ഇലക്ട്രിക്) വാങ്ങുന്നതിനുമായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനെർട്ട്)

2810-00-188-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 1,75,00,000 രൂപ (പദ്ധതിയേതരം)

71. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഭരണപരമായ ചെലവുകൾ, ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.25 കോടി രൂപ ഈ ശീർഷകത്തിൽ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

72. 2025-26 -ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്ത് ഹൈഡ്രജൻ ഉത്പാദനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഹൈഡ്രജൻ വാലി പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എനർജി മാനേജ്മെന്റ് സെന്റർ - കേരള**

2810-00-104-98—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 1,04,49,000 രൂപ (പദ്ധതിയേതരം)

73. എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.0339 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
2025 ഫെബ്രുവരി 27

കെ. കൃഷ്ണൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VII*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.